# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 1990 - 17.03.2015ൽ മറുപടിയ്ക്ക്**

**<u>മരങ്ങളുടെ സംരക്ഷണം</u>**

| **ചോദ്യം**<br>ശ്രീ. പി.കെ. ബഷീർ | | **മറുപടി**<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | പരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് വനം വകുപ്പ് മരംവെച്ച് പിടിപ്പിക്കൽ പദ്ധതി നടപ്പിലാക്കിയിരുന്നോ ; | (എ) | പരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് ഹരിതകേരളം, ഹരിതശ്രീ എന്നീ പദ്ധതികൾ സാമൂഹിക വനവൽക്കരണ വിഭാഗം മുഖേന നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത പരിപാടിയിൽ വെച്ച്പിടിപ്പിച്ച മരങ്ങൾ സംരക്ഷിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ ; | (ബി) | സാമൂഹിക വനവൽക്കരണ വിഭാഗം മുഖേന നടുന്നതിനായി വിതരണം ചെയ്ത തൈകൾ വകുപ്പു തലത്തിലും, സ്കൂൾ-കോളേജ്, മത സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ മുഖേന നട്ടുപിടിപ്പിച്ച തൈകളുടെ പരിപാലനം അതാതു വകുപ്പുകളും, വിദ്യാർത്ഥികളും, വിദ്യാഭ്യാസ സ്ഥാപനങ്ങളും മുഖേന പരിപാലിച്ച് സംരക്ഷിച്ചു വരുന്നു. |
| (സി) | പരിസ്ഥിതി ദിനാചരണത്തിന്റെയും മറ്റും ഭാഗമായി വെച്ച്പിടിപ്പിക്കുന്ന മരങ്ങൾ പിന്നീട് സംരക്ഷിക്കാതിരിക്കുന്നതിനാൽ ഉദ്ദേശിക്കുന്ന ഫലമുണ്ടാകുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) | പരിസ്ഥിതി ദിനാചരണത്തിന്റെയും മറ്റും ഭാഗമായി വെച്ച്പിടിപ്പിക്കുന്ന മരങ്ങളുടെ അതിജീവനം വിലയിരുത്തുന്നതിന് അതാത് വകുപ്പുകളുമായി ചേർന്ന് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. |
| (ഡി) | മരങ്ങൾ ആര് വെച്ച് പിടിപ്പിച്ചാലും അവയെ സംരക്ഷിക്കുന്നതിനു ആവശ്യമായ നടപടി വനം വകുപ്പ് സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ? | (ഡി) | സാമൂഹിക വനവൽക്കരണ വിഭാഗം മുഖേന നട്ടുപിടിപ്പിച്ച തൈകൾ സംരക്ഷണവേലി കെട്ടി സംരക്ഷിച്ചുവരുന്നു.<br>സ്കൂൾ-കോളേജ്, ത്രിതലപഞ്ചായത്ത്, വ്യക്തികൾ, മറ്റിതര സ്ഥാപനങ്ങൾ എന്നിവർ മുഖേന നട്ടുപിടിപ്പിച്ച തൈകളുടെ സംരക്ഷണം അവരവർ തന്നെ ഉറപ്പുവരുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ